**കേരള സർക്കാർ**

<u>സംഗ്രഹം</u>

സ്റ്റോർസ് പർച്ചേസ് വകുപ്പ് - കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് നിർമ്മിക്കുന്ന തടി/സ്റ്റീൽ ഫർണിച്ചർ, ആശുപത്രി ഫർണിച്ചർ & സ്മാർട്ട് ക്ലാസ്സ് റൂം ഫർണിച്ചർ എന്നിവ ടെണ്ടർ നടപടി കൂടാതെ നേരിട്ട് വിപണനം നടത്തുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 - ൽ ഇളവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം. 62/2024/SPD തീയതി, തിരുവനന്തപുരം, 01-07-2024.

---

പരാമർശം :- 1) 02.06.2023 – ലെ സ.ഉ (സാധാ) 57/2023/SPD നം. ഉത്തരവ്.
2) കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച 20.05.2024 – ലെ KADCO/E2/1617/2015/311/2024 നം. കത്ത്.

**<u>ഉത്തരവ്</u>**

കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കാഡ്കോ) നിർമ്മിത തടി/ സ്റ്റീൽ ഫർണിച്ചർ, ആശുപത്രി ഫർണിച്ചർ, സ്മാർട്ട് ക്ലാസ്സ് റൂം ഫർണിച്ചർ ഉല്പന്നങ്ങൾ എന്നിവ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ടെണ്ടർ നടപടി ഇല്ലാതെ നേരിട്ട് വിപണനം നടത്തുന്നതിന്, ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 – ൽ ഇളവ് നൽകി പരാമർശം (1) – പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) ടി ഉത്തരവിന്റെ കാലാവധി 01.06.2024 - ന് അവസാനിച്ച സാഹചര്യത്തിൽ, ഇളവ് കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (2) പ്രകാരം 'കാഡ്കോ' മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) – ലെ ഉത്തരവ് പ്രകാരം വില നിർണ്ണയം നടത്തി, ടെൻഡർ ഇളവ് അനുവദിച്ചിരുന്ന 'കാഡ്കോ' നിർമ്മിത തടി/സ്റ്റീൽ ഫർണീച്ചർ, ആശുപത്രി ഫർണീച്ചർ, സ്മാർട്ട് ക്ലാസ്സ് റൂം ഫർണീച്ചർ ഉല്പന്നങ്ങൾക്ക് [ **Hard Wood Furniture (24 items), Teak Wood Furniture (27 items), Steel Furniture (68 items), Steel Hospital Furniture including powder coated (27 itmes + 19 items) and smart classroom furniture (79 items)** ആകെ **244 items**], നിശ്ചയിച്ച് നൽകിയിട്ടുള്ള വില്പന വിലയിൽ അധികരിക്കാൻ പാടില്ല എന്ന നിബന്ധനയ്ക്ക് വിധേയമായി സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ/സ്വയംഭരണ സ്ഥപനങ്ങൾ എന്നിവിടങ്ങളിൽ ടെണ്ടർ നടപടി കൂടാതെ നേരിട്ട് വിപണനം നടത്തുന്നതിന്, ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 – ൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത 'കാഡ്കോ' ഉല്പന്നങ്ങൾ

കർശനമായും സ്റ്റോർസ് പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെണ്ടർ/ ക്വട്ടേഷൻ നടപടി ക്രമങ്ങൾക്ക് വിധേയമായി മാത്രമേ വിപണനം നടത്താൻ പാടുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്മിത എസ്
ജോയിന്റ് സെക്രട്ടറി

എല്ലാ വകുപ്പ് തലവൻമാർ/ഓഫീസുകൾ/പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങൾ
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടേയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്ക്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും
ഗ്രാമ വികസന കമ്മീഷണർ (എല്ലാ ബ്ലോക്കു പഞ്ചായത്തുകളേയും അറിയിക്കുന്നതിന്)
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
(എല്ലാ ഗ്രാമ പഞ്ചായത്തുകളേയും അറിയിക്കുന്നതിന്)
ഡയറക്ടർ, നഗരകാര്യ വകുപ്പ്
(എല്ലാ മുനിസിപ്പാലിറ്റികളേയും കോർപ്പറേഷനുകളേയും അറിയിക്കുന്നതിന്)
റീജിയണൽ പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, കൊല്ലം/ എറണാകുളം/ കോഴിക്കോട്.
മാനേജിംഗ് ഡയറക്ടർ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കാഡ്കോ), 'സ്വാഗത്', റ്റി.സി.12/755, ഗവൺമെന്റ് ലോ കോളേജ് റോഡ്, വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം – 695 035.
വ്യവസായ (കെ) വകുപ്പ് (ഫയൽ നം. IND-K3/74/2024-IND പ്രകാരം)
സി-ഡിറ്റ്, ഗോർക്കി ഭവനം, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം.
(സർക്കാർ ഉത്തരവ് സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
(സർക്കാർ ഉത്തരവ് വെബ്സൈറ്റിൽ ചേർക്കുന്നതിന്)
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും
(ഇ-ഓഫീസ് മുഖേന)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ